കാലാവധി കഴിഞ്ഞ മരുന്നുകൾ

6 (713) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(സി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ കാലാവധി കഴിഞ്ഞ എത്ര ലക്ഷം രൂപയുടെ മരുന്നുകൾ കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാലാവധി കഴിഞ്ഞ മരുന്നുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു :

ആലപ്പുഴ ജില്ല	-	പി.എച്ച്. സെന്റർ, പനമേൽ
		പി.എച്ച്. സെന്റർ, കരുവാറ്റ
മലപ്പുറം ജില്ല	-	ജനറൽ ആശുപത്രി, മഞ്ചേരി
		ജില്ലാ ആശുപത്രി, തിരൂർ
		ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ
		താലൂക്കാശുപത്രി, മലപ്പുറം
എറണാകുളം ജില്ല	-	താലൂക്കാശുപത്രി, കോതമംഗലം
		താലൂക്കാശുപത്രി, തൃപ്പൂണിത്തുറ
		സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി
		സി.എച്ച്.സി ഏഴിക്കര, കാലടി,
		പാമ്പാക്കുട, മുത്തകുന്നം
		പി.എച്ച്.സി., ആവോലി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട ജില്ല	-	ജനറൽ ആശുപത്രി, പത്തനംതിട്ട
കോഴിക്കോട് ജില്ല	-	ജനറൽ ആശുപത്രി, കോഴിക്കോട്
		താലൂക്ക് ആശുപത്രി, കൊയിലാണ്ടി
		സി.എച്ച്.സി. തിരുവെങ്ങൂർ
പാലക്കാട് ജില്ല	-	സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ
		പൈലറ്റ് പ്രോജക്ട് ഡിസ്പെൻസറി, മുക്കാലി
		ജില്ലാ ആശുപത്രി, പാലക്കാട്
		സി.എച്ച്.സി. കല്ലടിക്കോട്
		ഒലക്കപ്പെടി
കണ്ണൂർ ജില്ല	-	ജില്ലാ ആശുപത്രി, കണ്ണൂർ
		ജനറൽ ആശുപത്രി, തലശ്ശേരി
		താലൂക്കാശുപത്രി, ഇരിട്ടി, പാറപ്പറമ്പ്,
		പഴയങ്ങാടി, പയ്യന്നൂർ, തളിപ്പറമ്പ്
		സി.എച്ച്.സി. ഇരിവേരി
വയനാട് ജില്ല	-	സി.എച്ച്.സി പേരിയ
		പി.എച്ച്.സി. മുള്ളൻകൊല്ലി,
		വെള്ളമുണ്ട, കുറുക്കൻമൂല
കോട്ടയം ജില്ല	-	സി.എച്ച്.സി. ഇടയാഴം

(ബി) കാലാവധി കഴിഞ്ഞ മരുന്നുകൾ നിയമാനുസൃതമായി ഗർഹണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ആശുപത്രികൾ ആവശ്യപ്പെടുന്നതിനനുസരിച്ചുള്ള മരുന്നുകളാണ് കോർപ്പറേഷൻ സംഭരിക്കുന്നത് എങ്കിലും ചിലപ്പോൾ വാർഷിക ഇൻഡന്റ് പ്രകാരം ആവശ്യപ്പെടുന്ന മരുന്നുകളത്രയും തന്നെ ജില്ലാ വെയർ ഹൗസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ആശുപത്രി അധികൃതർ സ്വീകരിക്കാറില്ല. മാത്രമല്ല ചില മരുന്നുകൾ ഇൻഡന്റിനേക്കാൾ വളരെക്കൂടുതൽ ആവശ്യമായും വരാറുണ്ട്. ഇൻഡന്റ് തയ്യാറാക്കുന്ന സമയത്ത് സംഭവിക്കുന്ന തെറ്റുകൾ മരുന്ന് സംഭരിച്ചു വിതരണം ചെയ്യുന്ന സന്ദർഭങ്ങളിലാണ് ആശുപത്രികൾ അറിയിക്കുന്നതും ആ സ്ഥാപനത്തിനായി സംഭരിച്ച മരുന്നുകൾ സ്വീകരിക്കാതെ വരുന്നതും. ഇപ്രകാരം ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ ആശുപത്രികളിൽ സ്വീകരിക്കാതെ വരുമ്പോഴാണ് മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകുന്നത്. കോർപ്പറേഷൻ സംഭരിച്ച മരുന്നുകളിൽ മേൽ വിവരിച്ച സാഹചര്യത്തിൽ ഉൾപ്പെട്ടതും, നിശ്ചിത ഗുണനിലവാരമില്ലെന്നു കണ്ടെത്തിയതുമായ മരുന്നുകളും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കമ്പനികളുടെ മരുന്നുകളുമാണ് കോർപ്പറേഷൻ വെയർഹൗസുകളിൽ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായി തീർന്നിട്ടുള്ളത്. ഇവയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതും കരിമ്പട്ടികയിൽ ഉൾപ്പെട്ടതുമായ മരുന്നുകളുടെ വില വിതരണക്കാരിൽനിന്നും ഈടാക്കുന്നതിനാൽ കോർപ്പറേഷനോ സർക്കാരിനോ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നതല്ല. 2008-09 മുതൽ 2010-11 കാലഘട്ടം വരെ ഉപയോഗശൂന്യമായ മരുന്നുകൾ അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ അംഗമായ ഒരു കമ്മിറ്റി പരിശോധിക്കുകയും കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യം, ആരോഗ്യം, സ്റ്റോർ പർച്ചേസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്കും ശേഷം ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിലുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ നശിപ്പിക്കുന്ന അംഗീകൃത ഏജൻസിയായ ഇമേജ് (IMAGE) മുഖേന നശിപ്പിക്കുകയുണ്ടായി. കോർപ്പറേഷന്റെ രൂപീകരണത്തിനുമുമ്പ് സംസ്ഥാനത്ത് മരുന്നുകൾ വിതരണം ചെയ്തിരുന്ന സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ കാലത്ത് സംഭരിച്ചതും ഉപയോഗശൂന്യമായ മരുന്നുകൾ ഉൾപ്പെടെ ഒരു കോടി രൂപയുടെ മരുന്നുകൾ ഇമേജിന് കൈമാറുകയുണ്ടായി. ഇതിൽ 5.35 ലക്ഷം രൂപയുടെ മരുന്നുകളൊഴികെ ബാക്കിയുള്ള തുകയുടെ മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയവ, കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികൾ വിതരണം ചെയ്തവ, കോർപ്പറേഷന്റെ സ്റ്റോക്കിൽ ഉൾപ്പെടാത്തവ എന്നിവയാണ്.

കോർപ്പറേഷന്റെ തുടക്കം മുതൽ 2013-14 കാലഘട്ടം വരെ സംഭരിച്ച 1316.34 കോടി രൂപയുടെ മരുന്നുകളിൽ (0.42%) 5.59 കോടി രൂപയുള്ള മരുന്നുകളാണ് കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായിരിക്കുന്നത്. എന്നിരുന്നാലും മരുന്നുകൾ ഉപയോഗശൂന്യമായി നശിക്കുന്നതിന്റെ തോത് കുറയ്ക്കുവാനുള്ള നടപടികൾ കോർപ്പറേഷൻ സംഭരണ/വിതരണ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ മരുന്ന സംഭരണ വിതരണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ ഓൺലൈൻ ആക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരുന്നുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നും ഇൻഡന്റിനനുസരിച്ച് സംഭരിക്കുന്ന മരുന്നുകൾ യഥാസമയം കൈപ്പറ്റണമെന്നുമുള്ള നിർദ്ദേശം ആശുപത്രികൾക്ക് നൽകണമെന്നും സംസ്ഥാന ആരോഗ്യ വകുപ്പിനോടും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - മരുന്ന വിതരണം

7 (714) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്ന വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര തുകയുടെ മരുന്നുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്, എന്നാണ് ഓർഡർ നൽകിയത് ;

(സി) അതിൻപ്രകാരം മരുന്നുകൾ ലഭിച്ചുവോയെന്നും അവയുടെ വിതരണം ആവശ്യാനുസരണം നടത്താൻ കഴിഞ്ഞുവോയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മരുന്ന വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട തുകയുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു*

(ബി) ഈ സാമ്പത്തിക വർഷം കോർപ്പറേഷൻ നാളിതുവരെ (25-11-2014) നൽകിയ പർച്ചേസ് ഓർഡറുകളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly